# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : * 483

05.07.2012-ൽ
മറുപടിക്ക്.

### കെ.എസ്.ഐ.ഡി.സിയുടെ സാമൂഹ്യസുരക്ഷാ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. പി.എ.മാധവൻ<br>ശ്രീ.വി.പി. സജീന്ദ്രൻ<br>ശ്രീ. എം.പി. വിൻസെന്റ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) കെ.എസ്.ഐ.ഡി.സി സാമൂഹ്യ സുരക്ഷാരംഗത്തേക്ക് പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;<br><br>(ബി) എന്തെല്ലാം സാമൂഹ്യ സുരക്ഷാ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ)&(ബി) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ 50-ാം വാർഷികത്തോടനുബന്ധിച്ച് 50 നിർദ്ധനരായ വിധവകളുടെ പെൺമക്കൾക്ക് വിദ്യാഭ്യാസ നിർവ്വഹണത്തിനായി താഴെപറയുന്ന രീതിയിൽ ധനസഹായം നൽകി വരുന്നു.<br>1. സ്കോളർഷിപ്പിന്റെ ആനുകൂല്യം 5 വയസ്സ് മുതൽ 21വയസ്സ് വരെ അല്ലെങ്കിൽ വിദ്യാഭ്യാസം പൂർത്തീകരിക്കുന്ന കാലയളവു വരെ (ഏതാണോ ആദ്യം) മാത്രമേ ലഭിക്കുകയുള്ളു.<br>2. പ്രൈമറി സ്കൂളിൽ പഠിക്കുന്ന കാലയളവിൽ മാസം തോറും 1500/- രൂപ നൽകിവരുന്നു.<br>3. ഹൈസ്കൂൾ /ഹയർസെക്കന്ററി സ്കൂളിൽ പഠിക്കുന്ന കാലയളവിൽ മാസം തോറും 3,000/- രൂപ നൽകി വരുന്നു.<br>4. ഡിഗ്രി അഥവാ പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന കാലയളവിൽ ഓരോ സെമസ്റ്ററിലും (ആറ് മാസം) 24,000/- രൂപ നൽകി വരുന്നു.<br><br>ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തത് ജില്ലാകളക്ടർമാരാണ്. |
| (സി) സംസ്ഥാനത്തെ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളെയും ഈ മാതൃകയിലേക്ക് കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ? | (സി)സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിക്കുന്ന വ്യവസായ വകുപ്പിന്റെ കീഴിലുള്ള മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലും ഇത്തരത്തിലുള്ള സാമൂഹ്യ സുരക്ഷ പദ്ധതികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ